(ബി) കൂടുതൽ അളവിൽ വെള്ളം ലഭിക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ ഏതൊക്കെയാണ് ; ഈ തെങ്ങിനങ്ങളുടെ കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത തെങ്ങിൻ തൈകൾ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരിക്കിൻ വെള്ളം ലഭിക്കുന്നതിന് ഏറ്റവും നല്ലയിനം ചാവക്കാട് കുറിയ ഓറഞ്ച് ഇനത്തിലുള്ള തെങ്ങാണ്. എന്നാൽ വിവിധോപയോഗങ്ങൾക്ക് അനുയോജ്യമായ പശ്ചിമതീരനെടിയ ഇനവും സി.പി.സി.ആർ.ഐ. പുറത്തിറക്കിയ കൽപ്പരക്ഷ, കൽപ്പശ്രീ, കൽപ്പസങ്കര എന്നീ ഇനങ്ങളും കരിക്കിൻ വെള്ളത്തിന് അനുയോജ്യമാണ്.

പശ്ചിമതീരനെടിയ ഇനം (WCT) കൃഷി വകുപ്പിന്റെ വിവിധ തെങ്ങിൻ തൈ നഴ്സറികളിൽനിന്നും "കേരഗ്രാമം" പദ്ധതി പ്രകാരമുള്ള നഴ്സറികളിൽനിന്നും ഉല്പാദിപ്പിച്ച് സംസ്ഥാനമൊട്ടാകെയുള്ള കൃഷി ഭവനുകളിലൂടെ വിതരണം ചെയ്യുവരുന്നു.

(സി) കൃഷി ഭവനുകൾവഴി പശ്ചിമതീരനെടിയ ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16-ൽ 2,73,721 പശ്ചിമതീരനെടിയ ഇനം വിതരണം ചെയ്യുവരുന്നു. കൂടാതെ 40194 MYD/COD കുറിയ ഇനം തെങ്ങിൻ തൈകളും വിതരണം ചെയ്യുവരുന്നുണ്ട്.

## കാർഷിക മേഖലയിലെ തൊഴിലാളികളുടെ കൂലിയും കാർഷികോൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും

**156 (4194)** <u>ശ്രീ. സി. മോയിൻ കുട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി നൽകുന്ന സംസ്ഥാനം കേരളമാണെന്ന കേന്ദ്ര തൊഴിൽ ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും കൂടിയ കൂലി നൽകുന്നതിൽ രണ്ടാം സ്ഥാനത്തുള്ള കാശ്മീരിനേക്കാൾ അറുപത്തഞ്ചുശതമാനവും, തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിനേക്കാൾ അറുപതു ശതമാനവും അധികം കൂലി നൽകുന്ന കേരള സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയുമായി താരതമ്യപ്പെടുത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അത് കണക്കാക്കാനും, കർഷകർക്കുള്ള ആനുകൂല്യങ്ങളും, സംഭരണവിലയും വർദ്ധിപ്പിച്ച് കൃഷി ചെറിയതോതിലെങ്കിലും ആദായകരമായ നിലവാരത്തിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏറ്റവും ഉയർന്ന കൂലി നൽകുന്ന സംസ്ഥാനമെന്ന നിലയിൽ കാർഷികോൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയുമായി താരതമ്യപ്പെടുത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

(സി) വില കുറയുന്ന അവസരങ്ങളിൽ പ്രധാന ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് സംഭരണം നടത്തുന്നുണ്ട്.

## റബ്ബറിന് വില സ്ഥിരത

**157 (4195)** <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റബ്ബറിന് 150 രൂപയുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതുസംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

റബ്ബറിന് വില സ്ഥിരത ഉറപ്പുവരുത്തികൊണ്ട് റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ 300 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് പ്രഖ്യാപിക്കുകയും അതുപ്രകാരം സ.ഉ.(പി) നമ്പർ 269/2015/ഫിൻ തീയതി, 3-7-2015 പ്രകാരം റബ്ബർ ഉല്പാദന ഉത്തേജന പദ്ധതിക്കുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കർഷകർക്ക് റബ്ബർ



LIBRARY ARCHIVES Kerala Legislative Assembly